**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6817 13.07.2012 - ൽ മറുപടിയ്ക്ക്

## സമഗ്ര ദന്താരോഗ്യനയം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. മുരളീധരൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സമഗ്ര ദന്താരോഗ്യ നയം പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) സംസ്ഥാനത്തെ ജനസംഖ്യയിൽ മുതിർന്നവരിലും കുട്ടികളിലും എത്ര ശതമാനം പേരിലാണ് ദന്തരോഗങ്ങൾ കണ്ടുവരുന്നത്; | (ബി) | ഇപ്പോഴത്തെ സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ല. 2002-03 ലെ National Oral Health Survey യനുസരിച്ച് കേരളത്തിൽ ദന്തക്ഷയം ബാധിച്ചവർ 66.5% മുതൽ 87.7% വരെയാണ്. |
| (സി) സർക്കാർ ആശുപത്രികളിൽ ദന്തരോഗ വിഭാഗങ്ങൾ ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | 1) 2011-12 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് പ്രകാരം 60 ലക്ഷം രൂപ ദന്താരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ ക്കായി വകയിരുത്തിയിരുന്നു. ഈ തുകയിൽ നിന്നും 20 ലക്ഷം രൂപ വിനിയോഗിച്ച് 10 ദന്തൽ മെക്കാനിക്ക് തസ്തികകൾ സൃഷ്ടിച്ച് ഈ സാമ്പത്തിക വർഷം തന്നെ നിയമനം നൽകി. ഇത് പൊതുജനങ്ങൾക്ക് ഏറെ പ്രയോജനകരമായി.<br>2) സംസ്ഥാനത്തെ 14 ജില്ലകളിലെ 80 ദന്തൽ യൂണിറ്റുകൾക്കായി ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങി നൽകി.<br>3) സ്കൂൾ തലത്തിൽ വിദ്യാർത്ഥികൾക്കായി 112 ക്യാമ്പുകൾ സംസ്ഥാനത്ത് 14 ജില്ലകളിലുമായി സംഘടിപ്പിച്ചു. ഈ ക്യാമ്പുകളിൽ കുട്ടികൾക്ക് ദന്ത പരിശോധനയും, ദന്തവദന രോഗങ്ങളെ കുറിച്ച് ബോധവൽക്കരണവും നടത്തി.<br>4) സംസ്ഥാനത്തെ 80 ദന്തൽ യൂണിറ്റുകൾക്കും 20,000/- (ഇരുപതിനായിരം) രൂപ വീതം അവരുടെ സ്വന്തം നിലയിലുള്ള പ്രവർത്തനങ്ങൾക്ക് നൽകി. ഈ സാമ്പത്തിക വർഷം (2012-13) 1 കോടി രൂപ (100 ലക്ഷം) ദന്തൽ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്. |
| (ഡി) ജില്ലാ തലത്തിൽ ഡന്റൽ ഹൈജീനിസ്റ്റുകളുടെ പ്രൊമോഷൻ തസ്തികയായി ഡന്റൽ ഹെൽത്ത് ഓഫീസർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ